പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6111

02.04.2018 ൽ മറുപടിക്ക്

## മലപ്പുറം ജില്ലയിലെ ക്വാറികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | | എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ എത്ര ക്വാറികൾ പാരിസ്ഥിതിക അനുമതിയോടുകൂടി പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ 69 ക്വാറികൾ പാരിസ്ഥിതിക അനുമതിയോടുകൂടി പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 49 ക്വാറികൾ ലീസ് അടിസ്ഥാനത്തിലും 20 ക്വാറികൾ ക്വാറിയിംഗ് പെർമിറ്റോടുകൂടിയുമാണ് പ്രവർത്തിക്കുന്നത്. |
| (ബി) കരിങ്കൽ ക്വാറി ലീസിന് വേണ്ടി 2017 ജനുവരി മുതൽ 2018 മാർച്ച് വരെ എത്ര അപേക്ഷകൾ ലഭിച്ചു; എത്ര അപേക്ഷകൾ പരിശോധിച്ച് ലെറ്റർ ഒഫ് ഇന്റൻഡ്-ന് വേണ്ടി ഡയറക്ടർക്ക് നൽകി; എത്ര അപേക്ഷകളാണ് ഇനി തീർപ്പ് കൽപ്പിക്കാനുള്ളത്; | (ബി) | കരിങ്കൽ ക്വാറി ലീസിന് വേണ്ടി 80 അപേക്ഷകൾ മൈനിംഗ് & ജിയോളജി വകുപ്പിന്റെ മലപ്പുറം ജില്ലാ ഓഫീസിൽ ലഭിച്ചു. ഇതിൽ 49 അപേക്ഷകൾ മൈനിംഗ് & ജിയോളജി ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. 35 അപേക്ഷകൾക്ക് ലെറ്റർ ഓഫ് ഇന്റന്റ് നൽകി. മൈനിംഗ് & ജിയോളജി ഡയറക്ടർക്ക് ലഭിച്ച അപേക്ഷകളിൽ 14 എണ്ണത്തിനാണ് ഇനി തീർപ്പ് കല്പിക്കാനുള്ളത്. |
| (സി) ജില്ലയിൽ ക്വാറി ലീസിന് അപേക്ഷിച്ചവരിൽ നിന്ന് 2017-18 മാർച്ച് വരെ റോയൽറ്റി ഇനത്തിലുള്ള ഫൈൻ ആയി എത്ര രൂപ ഈടാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (സി) | മലപ്പുറം ജില്ലയിൽ ഇതു വരെ ലീസ് അപേക്ഷകരിൽ നിന്നും 1,20,01,284/- (ഒരു കോടി ഇരുപതു ലക്ഷത്തി ആയിരത്തി ഇരുന്നൂറ്റി എൺപത്തിനാല് രൂപ) പിഴ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. |
| (ഡി) മലപ്പുറം ജില്ലയിലെ ജിയോളജി വിഭാഗത്തിന് പുതുതായി സബ് ഓഫീസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; (ഇ) ജില്ലാ ജിയോളജി ഓഫീസിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നറിയിക്കാമോ? | (ഡി) & (ഇ) | മലപ്പുറം ജില്ലയിൽ മൈനിംഗ് & ജിയോളജി വകുപ്പിന്റെ സബ് ഓഫീസുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടില്ല. മൈനിംഗ് & ജിയോളജി വകുപ്പിന്റെ എല്ലാ ജില്ലാ ഓഫീസുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ